പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 758

28.02.2018-ലെ മറുപടി

## താഴേക്കാട് -ആലിപ്പറമ്പ് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴേക്കാട്- ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന CARWSS താഴേക്കാട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ; | (എ) | ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ചുറ്റുമതിൽ, അനുബന്ധ റോഡ് (ഭാഗികമായി) എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. |
| (ബി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയ്ക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം വെട്ടിക്കുറച്ചത് ഈ പദ്ധതിയെ ബാധിക്കാതിരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയ്ക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം വെട്ടിക്കുറച്ചത് പദ്ധതിയുടെ നിർവ്വഹണത്തെ ബാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) & (ഡി) | പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാള്ള തുക ഏത് വിധത്തിൽ കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ